# കൈത്താകാലം
## വചന വിചിന്തനം
### കൈത്താകാലം : ഒന്നാം ഞായർ
### ലൂക്കാ 14,1–14

*"സമൃദ്ധിയുടെ മേശക്കരികിൽ ഇരുന്നപ്പോഴും*
*കർത്താവിന്റെ കണ്ണുകൾ പതിഞ്ഞത്*
*മഹോദര രോഗിയുടെ മേലാണ്.*
*സമൃദ്ധിയുടെ നടുവിലായിരിക്കുമ്പോഴും*
*നിറയുന്ന കണ്ണുകളേയും ഇടറുന്ന പാദങ്ങളേയും*
*തേടുന്നവർ ക്രിസ്തുവിലേയ്ക്ക് വളരുന്നു!"*

**ക്രിസ്തുവിന്റെ വിരുന്നുകളുടെ ലക്ഷ്യം ദൈവരാജ്യത്തെ കുറിച്ച് പഠിപ്പിക്കുക എന്നത് മാത്രമാണ്. അഥിതിക്കും ആദിഥേയനും ഉപദേശം നൽകുന്നതും ഇതിനു വേണ്ടിയാണ്!**

ഒരു സാബത്തിൽ ക്രിസ്തു തന്റെ പ്രിയശിഷ്യൻമാരോടൊപ്പം ഫരിസേയപ്രമാണികളിൽ ഒരുവൻെറ വീട്ടിൽ ഭക്ഷണത്തിനുപോയി. അവർ ഭക്ഷണം കഴിക്കുമ്പോൾ അവിടെ കൂടിയിരുന്നവർ ശ്രദ്ധിക്കുന്നത് ഒറ്റ വ്യക്തിയെ മാത്രം; ക്രിസ്തു. ജനക്കൂട്ടം ക്രിസ്തുവിനെ ശ്രദ്ധിക്കുന്നതിന് രണ്ട് കാരണങ്ങളാണ്; ഒന്ന്, അവൻ എന്തെങ്കിലും അൽഭുതം ചെയ്യുന്നുണ്ടെങ്കിൽ അത് കാണണം. രണ്ട്, ക്രിസ്തു യഹൂദർക്കും യഹൂദസംഹിതകൾക്കും എതിരായി സംസാരിക്കുന്നുണ്ടെങ്കിൽ അവനിൽ കുറ്റം ആരോപിക്കണം. ഇത് തിരിച്ചറിഞ്ഞ ക്രിസ്തു നിയമജ്ഞരോടും ഫരിസേയരോടുമായി ചോദിക്കുകയാണ്;

"സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമോ അല്ലയോ?"

ഫരിസേയപ്രമാണിയുടെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്ന ക്രിസ്തുവിനോട് കൂടെ സഹവിരുന്നിന് വിളിക്കപ്പെട്ടിരുന്നത് യഹൂദവംശത്തിലെ ഉന്നത കുലജാതരെതന്നെയായിരിക്കണം. അതിൽ യഹൂദരുടെയും ഫരിസേയരുടെയും നിയമജ്ഞരുടെയും ശ്രേഷ്ഠരുണ്ടായിരിക്കണം. എന്നിട്ടും, ക്രിസ്തുവിന്റെ ചോദ്യത്തിന് മുമ്പിൽ അവർക്ക് നിശബ്ദരായിരിക്കുവാനെ സാധിച്ചൊള്ളു. അവരുടെ നിശബ്ദതയ്ക്ക് ഭംഗം വരുത്തി അവിടെയുണ്ടായിരുന്ന ഒരു മഹോദര രോഗിയെ അടുത്തുവിളിച്ചു സുഖപ്പെടുത്തി അയച്ചു. അനന്തരം, ക്രിസ്തു അവരോടു ഒരു ചോദ്യം കൂടി ചോദിച്ചു;

"സാബത്തിൽ തൻെറ പുത്രനോ കാളയോ കിണറ്റിൽ വീണാൽ ഉടൻ പിടിച്ചു കയറ്റാത്ത വനായി നിങ്ങളിൽ ആരുണ്ട്?"

രണ്ട് ബോദ്ധ്യങ്ങളാണ് ക്രിസ്തുവിന്റെ ഈ ചെയ്തികൾ സമ്മാനിക്കുന്നത്. ഒന്ന്, വിരുന്നിന്റെ സമൃദ്ധിയിൽ ആയിരിക്കുമ്പോഴും നിറയുന്ന കണ്ണുകളെയും ഇടറുന്ന പാദങ്ങളെയും പതറുന്ന ജീവിതങ്ങളേയും തിരിച്ചറിയുക. രണ്ട്, നിറയുന്ന കണ്ണുകളോടെയും ഇടറുന്ന പാദങ്ങളോടെയും പതറുന്ന ജീവിതങ്ങളോടെയും ജീവിക്കുന്നവരെ സ്വന്തം മകൻ അല്ലെങ്കിൽ മകൾ എന്ന സ്ഥാനത്ത് വയ്ക്കുക. ഇതിന് സാധിക്കുന്നുണ്ടെങ്കിൽ നാം ക്രിസ്തുവിലേയ്ക്ക് വളരുന്നു.

ഒരാൾ നടന്നു പോകുമ്പോൾ ഒരു ആശുപത്രിക്കു മുന്നിലെത്തി കഠിനമായ ഒരു അറ്റാക്ക് വന്നതിനാൽ അവിടെ കുഴഞ്ഞു വീണു. ആശുപത്രി ജീവനക്കാർ പെട്ടെന്നയാളെ I.C. U വിൽ പ്രവേശിപ്പിച്ചു. വിശദമായ പരിചരണത്തിനുശേഷം ഡോക്ടർമാർ വിധിയെഴുതി ബൈപാസ് സർജറി

നടത്തണം. ബോധരഹിതനായ അദ്ദേഹത്തിന് വേണ്ടി ബൈപാസ് സർജറി ഡോക്ടർമാർ നടത്തി. അദ്ദേഹം ബോധം വന്ന് കണ്ണു തുറന്നപ്പോൾ ബെഡ്ഡിന്നരികെ ഒരു കന്യാസ്ത്രീ പേപ്പറും പേനയുമായി നിൽക്കുന്നു.

കന്യാസ്ത്രീ അയ്യാളോട് പറഞ്ഞു;

“ബില്ലടക്കണം... താങ്കൾക്ക് ഇൻഷുറൻസ് പരിരക്ഷയുണ്ടോ?”

രോഗി തിരിച്ച് പറഞ്ഞു;

“ഇല്ല...”

കന്യാസ്ത്രീ വീണ്ടും പറഞ്ഞു;

“താങ്കളുടെ ബന്ധുക്കളുടെ അഡ്രസ്സ് തരു... പണം അവരിൽ നിന്നും വാങ്ങിക്കോളാം!”

രോഗി അതിന് മറുപടി പറഞ്ഞു;

“എനിക്ക് പറയത്തക്ക ബന്ധുക്കളൊന്നും ഇല്ല. ആകെയുള്ളത് അവിവാഹിതയായ ഒരു സഹോദരി മാത്രമാണ്”

കന്യാസ്ത്രീ തിരിച്ച് ചോദിച്ചു;

“അവരെന്തു ചെയ്യുന്നു?”

രോഗി പറഞ്ഞു;

“അവൾ കന്യാസ്ത്രീയാണ്”

ഇത് കേട്ടപാടെ കന്യാസ്ത്രീ പൊട്ടിത്തെറിച്ചുകൊണ്ട് പറഞ്ഞു;

“ആരു പറഞ്ഞു ഞങ്ങൾ അവിവാഹിതരാണെന്ന്? ഞങ്ങൾ ദൈവത്തിന്റെ മണവാട്ടികളാണ്...”

ഇതു കേട്ട രോഗി കൗതുകം നിറഞ്ഞ പുഞ്ചിരിയോട് കൂടെ കന്യാസ്ത്രീയുടെ അടുത്ത് പറഞ്ഞു;

“എനിക്കതിൽ സന്തോഷമേയുള്ളു. ബിൽ തുക നിങ്ങൾ എന്റെ അളിയനിൽ നിന്നും വാങ്ങിക്കോളൂ.”

"അപ്പോൾ നിന്നോടുകൂടെ ഭക്ഷണത്തിനിരിക്കുന്ന സകലരുടെയും മുമ്പാകെ നിനക്കു മഹത്വമുണ്ടാകും."
മഹത്വം പിടിച്ച് വാങ്ങേണ്ടതല്ല.
മറിച്ച്,
നിന്റെ പ്രവർത്തികൾക്ക് മറ്റുള്ളവർ സമ്മാനിക്കേണ്ടതാണ്!

ഇന്ന് പലപ്പോഴും നമ്മുക്ക് സംഭവിക്കുന്നത് സമൃദ്ധിയിൽ ആയിരിക്കുമ്പോൾപ്പോലും നിറയുന്ന കണ്ണുകളെയും ഇടറുന്ന പാദങ്ങളെയും പതറുന്ന ജീവിതങ്ങളേയും തിരിച്ചറിയാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. പിന്നെ എങ്ങനെയാണ് നിറയുന്ന കണ്ണുകളോടെയും ഇടറുന്ന പാദങ്ങളോടെയും പതറുന്ന ജീവിതങ്ങളോടെയും ജീവിക്കുന്നവരെ സ്വന്തം മകൻ അല്ലെങ്കിൽ മകളുടെ സ്ഥാനത്തേയ്ക്ക് എടുത്ത് വയ്ക്കാൻ സാധിക്കുക.

അഥിതിക്കും ആദിഥേയനും ഉപദേശങ്ങൾ ക്രിസ്തു സമ്മാനിക്കുന്നു. രണ്ടായിരം വർഷങ്ങളുടെ പഴക്കമുണ്ട് ഈ ഉപദേശങ്ങൾക്ക്. എന്നിട്ടും, ഈ ഉപദേശങ്ങൾ ഏറെ പ്രസക്തമാണ് ഇന്നും.

“ക്ഷണിക്കപ്പെട്ടവർ പ്രമുഖസ്ഥാനങ്ങൾ തെരഞ്ഞെടുക്കുന്നതു കണ്ടപ്പോൾ അവൻ അവരോട് ഒരു ഉപമ പറഞ്ഞു” (ലൂക്കാ 14,7). പ്രമുഖസ്ഥാനങ്ങൾ തിരഞ്ഞെടുക്കാൻ പരിശ്രമിക്കുക എന്നതിനർത്ഥം മറ്റുള്ളവരുടെ മുമ്പിൽ ഒന്നാം സ്ഥാനം സ്വന്തമാക്കാനുള്ള കഷ്ടപാടിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇങ്ങനെ, സഹശിഷ്യൻമാരുടെ മുമ്പിൽ ഒന്നാം സ്ഥാനത്തിന് വേണ്ടി കഷ്ടപെട്ട രണ്ട് പേരെ വചനം പരിചയപ്പെടുത്തുന്നുണ്ട്. സെബദിപുത്രൻമാരായ യാക്കോബും യോഹന്നാനും. സെബദീപുത്രൻമാരായ യാക്കോബും യോഹന്നാനും ഗുരുവിനെ സമീപിച്ച് അപേക്ഷിച്ചു:

“ഗുരോ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നതെന്തും

ഞങ്ങൾക്കു ചെയ്തുതരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു."

ഇവരുടെ അപേക്ഷകേട്ട ക്രിസ്തു അവരോട് തിരിച്ച് ചോദിച്ചു:

"നിങ്ങൾക്കുവേണ്ടി ഞാൻ എന്തുചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?"

ഇതിന് അവർ ഇപ്രകാരം മറുപടി പറഞ്ഞു:

"അങ്ങയുടെ മഹത്വത്തിൽ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലത്തുവശത്തും മറ്റെയാൾ ഇടത്തുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണമേ!"

ഗുരുവും നാഥനുമായ ക്രിസ്തുവിനോട് എന്താണ് ചോദിക്കുന്നത് എന്നതുപ്പോലും തിരിച്ചറിയാൻ സാധിക്കാത്തവരോട് ക്രിസ്തു പറയുന്നത് ഇപ്രകാരമാണ്;

"നിങ്ങൾ ആവശ്യപ്പെടുന്നത് എന്താണെന്നു നിങ്ങൾ അറിയുന്നില്ല... നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ" (മർക്കോ 10,45).

സൽക്കാരത്തിന് നടുവിൽ നിൽക്കുമ്പോൾ ക്രിസ്തു ആതിഥേയന് നൽകുന്ന ഉപദേശത്തിൽ ക്ഷണിക്കാൻ പടില്ലാത്ത നാല് കൂട്ടരുടെ പേരുകളുണ്ട്; സ്നേഹിതർ, സഹോദരങ്ങൾ, ബന്ധുക്കൾ, ധനികരായ അയൽക്കാർ. തുടർന്ന്, തീർച്ചയായും വിളിക്കേണ്ട നാല് കൂട്ടരുടെയും പേരുകൾ ക്രിസ്തു സമ്മാനിക്കുന്നുണ്ട്; ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. വലിയവനെ ആരെങ്കിലും കൂടെ നിർത്തുന്നുണ്ടെങ്കിൽ അവർക്ക് ഒറ്റ ലക്ഷ്യം മാത്രമെ ഉണ്ടാകു; "വലിയവന്റെ ഒപ്പം നിന്ന്, വലിയവനെ ഒപ്പം നിറുത്തി അവന്റെ തണലിൽ വലിയവനാകാൻ പരിശ്രമിക്കുക." എന്നാൽ, ക്രിസ്തു ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കണം എന്നു പറയുമ്പോൾ അവൻ അർത്ഥം വയ്ക്കുന്നത്; "ഈ നാല് കൂട്ടരുടെയും കൈയിൽ പകരത്തിന് പകരം നൽകാനോ ഒപ്പത്തിന് ഒപ്പം നിൽക്കാനോ ഒന്നുമില്ല. മറിച്ച്, ഈ കൂട്ടർ സ്നേഹം എന്തുമാത്രം വേണമെങ്കിലും തരും!"

"തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും..." ഉയർത്തേണ്ടവൻ ദൈവമാണ്. അല്ലാത്ത ഉയർച്ചയൊക്കെ കുമിളപ്പോലെയായിരിക്കും!

"നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ
നിങ്ങളുടെ ശുശ്രൂഷകനും
നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ
നിങ്ങളുടെ ദാസനുമായിരിക്കണം."

മത്താ 20,27

ഫാ. ജോബി മേനോത്ത്
+91 944 7777 931